# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2426
## (06.12.2018 ലെ മറുപടിക്ക്)

**2018-19 സംസ്ഥാന ബഡ്ജറ്റിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പി. കെ ശശി (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; | 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി നൽകിയത് താഴെപ്പറയുന്ന പ്രവൃത്തിയ്ക്കാണ്. 27.11.2018 തീയതിയിലെ സ.ഉ.(സാധാ) നം. 1842/2018/പൊ.മ.വ ഉത്തരവ് പ്രകാരം അമ്പലപ്പാറ മേല്പൂർ-കീഴൂർ റോഡ് ബി.എം.&ബി.സി കി.മീ. 7/900-9/200 എന്ന പ്രവൃത്തിക്ക് 200 ലക്ഷത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്.<br><br>2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികളുടെയും അവ നടപ്പിലാക്കുന്ന വകുപ്പുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ വകുപ്പുകളാണ് ഇതിൽ ഓരോ പ്രവൃത്തികളും നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന്റെ കീഴിൽ 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം**

| ക്രമനം | ഡിവിഷൻ | നിയോജക മണ്ഡലം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | 2018-19-ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക | ഇപ്പോഴത്തെ സ്ഥിതി | വകുപ്പ് |
|---|---|---|---|---|---|---|---|
| 1 | പാലക്കാട് | ഷൊർണ്ണൂർ | അനങ്ങനടി വില്ലേജ് ഓഫീസ് നിർമ്മാണം | 12,00,000 | 1,00,000 | ബന്ധപ്പെട്ട വകുപ്പിൽ നിന്നും ആവശ്യമായ സൗകര്യങ്ങളുടെ പട്ടിക ലഭിക്കേണ്ടതുണ്ട് | റവന്യൂ |
| 2 | പാലക്കാട് | ഷൊർണ്ണൂർ | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി നിർമ്മാണം | 15,00,000 | 1,77,000 | ആർക്കിടക്ച്ചറൽ ഡ്രോയിംഗ് ലഭിക്കേണ്ടതുണ്ട് | ട്രഷറി |
| 3 | പാലക്കാട് | ഷൊർണ്ണൂർ | വില്ലേജ് ഓഫീസ്, ഷൊർണ്ണൂർ | 12,00,000 | 10,00,000 | ഭരണാനുമതിക്കായി എസ്റ്റിമേറ്റ് റവന്യൂ വകുപ്പിനു പ്രൈസ് നമ്പർ 2016/8208 പ്രകാരം നൽകിയിട്ടുണ്ട്. | റവന്യൂ |